# നവെപ്പാട്

നേരത്തെ, നേരത്തെ ഈ ഇരുമ്പഴികൾക്ക്
ഇത്രയും തണുപ്പില്ലായിരുന്നു. അതെ, ഇതിനു മുമ്പൊരിക്കൽ
ഇവിടെ ഇത്രയും തണുപ്പില്ലായിരുന്നു. എന്താണിത്
ഒ.പാണ്ടാൻ; ആദ്യമായിട്ടൊന്നുമല്ലല്ലോ. മുഖം മറച്ച്
ഒന്നും ചെയ്തിട്ടില്ലാത്ത ഭാവത്തിൽ ജീപ്പിൽ കയറുന്നത്
ഒരു ശീലമായിരിക്കുന്നു. എന്നിട്ടും ഇന്ന്...
ഓർമ്മകൾ എയ്ത് വിട്ടിയ അമ്പുകൾ ലക്ഷ്യം തെറ്റി
സഞ്ചരിക്കൊണ്ടിരിക്കെ. ~~ആ~~ നിശബ്ദതയെ മുറിച്ചുകൊണ്ടാ-
യിരുന്നു ~~ആ~~ ശബ്ദം.

"എടാടി. ഞെട്ടി~~ക്കി~~ത്തുവരെ ഉറങ്ങാറായില്ലേ ?
ഓ.... ശീലാവതിക്ക് സെല്ല് പിടിക്കുന്നുണ്ടാവില്ല"
എ.സി. റൂമില് കിടക്ക് ഒരുത്താന്റൂടെ...."
ആ തടിച്ച് കൊഴുത്ത രൂപം ഒരു പരിഹാസ-
ചിരി പാസാക്കി മുന്നോട്ട് ഉതിച്ചു. മനിമറഞ്ഞു.
ഒന്നും പറഞ്ഞില്ല. പറയാൻ നാവ് പൊന്തില.

എന്ത് പറയുന്നതാവും ഉറക്കുട്ടി ശരി. ആദ്യ-
തവണ ഇവിടെ വന്നപ്പോൾ ഈ പോലീസുകാരി-
ക്കുമായി ഒന്നു ഉയർന്നതായിരുന്നു. അന്ന
ചെകിടത്ത് ഒന്ന് കിട്ടിയതിന്റെ ചൂടോ----
അവൾ വിളിച്ചതും ഓർക്കുന്നു
"തേവിടിശ്ശി" പോലും:
ആ നടുക്കം ഇന്നും അവരെക്കാണുമ്പോൾ----
മറക്കാതെ വച്ചു.
ജീവിതം ഒഴുക്കില്ലാതെ തളംകെട്ടി നിൽക്കുന്നു.

~~ഇന്നലെ ഒരാവശ്യ മുറിയുടെ വക്കിലിരുന്ന് ഒരു ഒരുക്ക്~~

ഓർമ്മകൾ ആഴങ്ങളിലേക്ക് ഉതിർക്കുന്നു.
എന്തോ പ്രകാശമാനമായിരുന്നു ജീവിതത്തിലേക്ക്.

നല്ല ഇന്നലെയും വന്നിരുന്നു. അവൾ വരു-
മ്പോഴേ അറിയാമല്ലോ. തെളുതെളെന്ന്. ക്രിസ്റ്റൽ
ഹോട്ടലിൽ. റൂം നമ്പർ 212 എന്നോ മറ്റോ.
പറഞ്ഞ് തന്തക്ക് വിളിച്ചടയ്ക്കുമ്പോൾ നാവ്

പിടിച്ച ഈ മനസ്സ് എന്തോ മന്ത്രിച്ചിരുന്നു. സമയം അറിയാവുന്നത് കൊണ്ടാവാം അവൾ ഒന്നും പറഞ്ഞില്ല. മതിലിന്റെ പിന്നിൽ നിന്ന് എന്തോ ആലോചിച്ചുകൊണ്ടിരിക്കെ വീണ്ടും അത് ശബ്ദിച്ചു. അവൾ തന്നെ:

"ടി, കോൺട്രാക്റ്റർ ദേവനാണ്. നിന്നെത്തന്നെ വേണമെന്ന്. അല്ലെങ്കിലും എക്സ്പീരിയൻസുള്ള ഞങ്ങളെപ്പോലുള്ളവരെ അയാൾക്ക് വേണ്ടല്ലോ. പുത്തൻ കാശാ നിന്റെ യോഗാ."

അതും കൂടി കേട്ടപ്പോൾ ലില്ലിയോട് വല്ലാത്ത വെറുപ്പ് തോന്നി. എന്റെ ഈ ജീവിതത്തിന്റെ മൂലാധാരം അവളായിരുന്നു. അല്ല, അവൾ വച്ചുനീട്ടിയ ആരുടെയോ ജീവിതമാണ് ഞാൻ ഇപ്പോൾ ശരീരത്തിലൂടെ അല്ലാ ജീവിച്ചു തീർക്കുന്നത് പണിയെടുത്ത് കൂടെ.

കുട്ടിക്കാലം മുതൽ നന്നായി പഠിക്കുമായിരുന്നെന്ന് അറിയാവുന്നതിനാൽ ബാംഗ്ലൂരേക്ക് വണ്ടി കയറി വിടുമല്ലേ വിചാരിച്ചു. പഠിച്ച് മിടുക്കിയായി. എന്തെ നല്ലൊരു ഡോക്ടർ.

ആദ്യമായിരുന്നു. അപ്പന്റെ സഹിച്ച കൂടി ദാരണം.
ഞാൻ അമ്മച്ചിയെപ്പോലെ വല്യ അടുക്കളപ്പുറത്തു
ജീവിതം ഹോമിക്കേണ്ടി വരുമായിരുന്നു. എന്നിട്ടും
പഠിക്കാനയച്ചു. ഇടവകക്കാർക്ക് ~~വഹി~~ കനിവുണ്ടായി
പഠനമെത്തിച്ചു നന്നായി. പഠിക്കണമെന്ന് ഏറെ
ആഗ്രഹിച്ചിരുന്നു. എന്നാൽ ദിനം ചെല്ലുംതോറും
പഠനമെന്താണെന്നായി. ഫീസ്.... പ്രതിസന്ധികളെ
ആരുമറിഞ്ഞില്ലല്ലോ. ~~[illegible]~~ ഒരു മേദായിരുന്നു ഒസ്സല്ല്.
അവളൊരാളാണ് ഈ മാർഗ്ഗം ഉപദേശിച്ചു
തന്നത്. അവൾക്കിതൊന്നും പുതിയ കാര്യമല്ലല്ലോ.
വൈകുന്നേരം ഇറങ്ങിപ്പോകും; വെളുപ്പിനെപ്പോ-
ഴോ മടങ്ങി വരും. ~~ഞാനൊന്നും ചോദിക്കാറില്ല.~~
വരുമ്പോൾ കൈ നിറയെ കാശും. ഞാനൊന്നും
ചോദിക്കാറില്ല.

~~എന്നും~~ എന്നിട്ടും എന്റെ പഠനത്തിന്റെ
മുട്ട് അവൾ മനസ്സിലാക്കി. ഞാനൊന്നും ചോദിക്കാ-
തെ തന്നെ ~~[illegible]~~ പറഞ്ഞു ~~[illegible]~~ തരികയായിരു-
ന്നില്ലേ.

"ന്റെ മോനേ,.. നീ എന്തിനായാണോ ആലോചിക്ക്...
ഒന്നൂല്ല. രാത്രി നമ്മൾ കേറുന്നു. രാവിലെ പറഞ്ഞ
കാശുമായി തിരിച്ചിറങ്ങുന്നു. അവിടെ ഒന്നൂല്ല.
പിന്നെ ഉറക്കം; അത്രപ്പോ. എവിടെയായാലെന്താ.
ഇവിടെക്കിടന്നാലും അവിടെക്കിടന്നാലും ഒരുപോലല്ലേ?
ഉറങ്ങണം, പിന്നെയുള്ള വ്യത്യാസമെന്താന്ന്വെച്ചാ
അവിടെക്കിടന്നാ നമ്മുടെ ആവശ്യത്തിനുള്ള
കാശ് കിട്ടണേ. നീയ്യാ വിട്ട്കളയ്യാ."

പെണ്ണിന്റെ ശത്രു പെണ്ണ് തന്നെയാണെന്ന്
ആരോ പറഞ്ഞത് എത്ര സത്യമായിരുന്നു..
മനസ്സില്ലാമനസ്സോടെ ആ മുറിക്കുള്ളിൽ കടന്നത്
ഇന്നും ഓർമ്മയുണ്ട്. വേണ്ട, ഒന്നും വേണ്ടിയി-
രുന്നില്ല. മുറുക്കി ചുവപ്പിച്ച് വെള്ള ജുബ്ബയിട്ട് ആ
കറുത്ത ശരീരം ഓർക്കാൻ വയ്യ. ഇരുളിൽ
ആ കൈകൾ ചുമലിലമർന്നപ്പോൾ, ചുണ്ടുകൾ
ആ പിശാച് ചവച്ച് തുപ്പിയപ്പോൾ....
വേണ്ട ഒന്നും ഓർക്കണ്ട. ഓർത്താൽ
ഹൃദയം വേദനിക്കും. ഈ വലിച്ചു കീറിയ പാതയിൽ

ആരും കൂടെയുണ്ടാവുന്നത് ഇഷ്ടമല്ല.

ചിന്തകളെ മുറിച്ചുകൊണ്ട് ധൃതിയിൽ അവനിറങ്ങിത്താ-
ഴുങ്ങി. ചില്ലുകണ്ണാടി നോക്കി ചുണ്ടിൽ ചായം
തേക്കുമ്പോൾ, ഒന്നു ഞെരിച്ചു കീഴ്ത്താടി
അല്പം മുറിഞ്ഞിരിക്കുന്നു. മാനം വിറ്റ് ജീവി-
ക്കുന്ന എന്നെപ്പോലുള്ളവർക്ക് മുഖകാന്തിയൊന്നും
ഒരു കാര്യമല്ലല്ലോ. ഇരുളിൽ പല പകൽമാന്യന്മാരും
പേപിടിച്ചോടുന്ന വേട്ടപട്ടികളാകുമ്പോൾ,
വേട്ടയാടാൻ എന്നെപ്പോലുള്ള ജന്മങ്ങൾ
ഇനിയും ബാക്കി. പറഞ്ഞറിയിക്കാനാകാത്ത
~~ഏകാ~~ ~~നിശ്ശബ്ദ~~ ഏകാന്തതയിൽ ആകാശം
നഷ്ടമായ ~~അ~~ എന്നെപ്പോലുള്ളവർ നിലവിളിക്കു-
ന്നത് ആരറിയാൻ. ചെകിടടപ്പിക്കുന്ന
പരിഹാസച്ചിരികളും 'വേശ്യ' എന്ന പേരും
മാത്രം ബാക്കി നിൽക്കുന്നു. എനിക്ക്
ഒരിക്കലും ചേരാത്ത ഒരലങ്കാരം. വീണ്ടും
"വേശ്യ."

ചില. എന്നെ കാത്തിരിക്കുന്നവരുണ്ടായിരു-
ന്നു: അയാളും... ഓടിച്ചെന്നപോലെ മോണകാട്ടിയുള്ള
ആ ചിരി. ചെകിടടച്ച് ഒന്നു കൊടുക്കാൻ തോന്നിപ്പോയി.
~~അകെ~~ എന്നാലും ~~ആ~~ അയാളോടുള്ള ഈർഷ്യ
പ്രകടമാക്കിയില്ല. അയാൾക്ക് വല്ലാത്ത ധൃതിയായി-
രുന്നു. എന്നോട് എന്തെല്ലാമോ ചോദിച്ചു.
പക്ഷേ, പക്ഷേ ഞാനൊന്നും കേട്ടില്ല. തലയ്ക്കു-
ള്ളിൽ വണ്ട് മൂളുന്നു. അല്ല, ആരോ അലറുന്നു.

വെള്ളവിരിപ്പിന്റെ ആവരണം മാത്രം പൊങ്ങിയു-
യർന്നു. അയാളുടെ ശ്വാസനിശ്വാസങ്ങൾ വന്നു
പതിക്കുന്നത് ഞാനറിഞ്ഞു. ആദ്യമാദ്യം
മുടിയിഴകളെ ആക്രമിച്ച വിരലുകളെ ഇപ്പോൾ
എവിടെയെത്തിയിരിക്കുന്നു! ദേഹമാസകലം
ചുട്ടുപൊള്ളുന്നു. ശരീരത്തിൽ നിന്നും മുറിവ്
~~അ~~ പൊട്ടിയടർന്ന് അതിലൂടെ പുഴുക്കൾ
പുറത്തേക്കൊഴുകുന്നതായി തോന്നുന്നു. എന്റെ
തോന്നൽ ... അല്ലാ ഞാൻ അനുഭവിക്കുന്നു.
പുളയുന്നു; ഞരങ്ങുന്നു .... അറിയില്ല ....

ഈ. ഇരുട്ടെന്നെത്തന്നെ . കവരുന്നു. ~~ഞാൻ~~
ഞാൻ. ഞാനല്ലാതായി. മാറുന്ന. അവസ്ഥയുണ്ടോ?

പൊട്ടിത്തെറിപോലെ. ഭിത്തിന്റെ. മറുപുറം.
ശബ്ദിച്ചു. ഇടിമുഴക്കം.
"ഠോ--- തൊറക്കങ്ങട്ട്. ഞങ്ങളും കൂടി
കാണട്ടെ. മൊയിലാളീ....."
ഉയർന്നായാ. ശബ്ദത്തിനു. മുന്നിൽ. പതറി
അയാൾ. എന്റെ. പിടിവിട്ട്. പിടഞ്ഞെഴുന്നേറ്റു.
"നീയിപ്പോ. തൊറന്നില്ലേ, ഞാനാ, ഞാൻ
ഇത്. ചവിട്ടിയാ. പൊളിക്കും."

ധൃതിയിൽ. അയാൾ. എന്നെ. വെടിഞ്ഞ്, എന്തൊ-
ക്കെയോ. വാരിവലിച്ചുടുത്തു. പക്ഷെ. എനിക്കോ.
എന്തോ. ശൂന്യതയാണ്. അനുഭവപ്പെട്ടത്.
ആ. ഇടിമുഴക്കം. പൊട്ടുന്നതെന്നെയൊരു. ത്തിക്കയ-
ദമായി. ക്രോശങ്ങളും. ശബ്ദങ്ങളും. കൊണ്ട്.
നിറഞ്ഞു. പോലീസുകാർ. തന്നെ. റെയ്ഡത്രേ.

"മൊയ്‌ലാളി ആള് കൊള്ളാല്ലോ" ദാ ഇട്ടപ്പാ പറഞ്ഞ്."
ആ ഉരുണ്ട തിളയ്ക്കുന്ന കണ്ണുകൾ എന്നെ ചൂഴ്ന്നിറങ്ങുന്നത് ഞാനറിഞ്ഞു.
"ടീ, മൂദേവീ--- നീയാ? ഭാര്യയായിരിക്കും ~~ല്ലേ~~ ല്ലേ മൊയ്‌ലാളീ?"
അയാളുടെ പരിഹാസച്ചിരി ബാക്കിയുള്ളവർ കൂടി ഏറ്റെടുത്തു. ആ മനുഷ്യന്റെ മുഖംമൂടി അഴിഞ്ഞില്ലാതാവുന്നത് ഞാനറിഞ്ഞു.

അഴിഞ്ഞ മുടിക്കെട്ടുമായി, ~~ഞ~~ അവരോടൊപ്പം ആ കോണികളിറങ്ങുമ്പോൾ, എന്തോ ~~ഒ~~ പതഞ്ഞൊഴുകുന്ന മാതിരി തോന്നി. ദേവതയൊന്നും എന്നെ ശല്യം ചെയ്യുന്നില്ല. ജനിച്ചു വീണിടത്തെപോലെ ഒരുതുകം മാത്രം!

ജീപ്പിൽ കയറുമ്പോൾ ചുറ്റും ആൾക്കൂട്ടം. ആരെയും ശ്രദ്ധിച്ചില്ല. എന്നിട്ടും കണ്ടു---- രവീന്ദ്രൻ മാഷ്. എനിക്ക് തോന്നിയതാണോ? അല്ല, ഞാൻ ശരിക്കും കണ്ടു. മാഷ് തന്നെ. എന്നെ പരിചിച്ച,

60th Kerala School Kalolsavam, Nov 28 - Dec 1, 2019 _ Kasaragod

**Item Code:** 950 **Participant Code:** 26

പോരുമ്പോൾ കൂടി ഞാൻ അനുഗ്രഹം വാങ്ങിച്ചു എന്റെ മാഷ്. നടുങ്ങി വിറച്ചു ഞാൻ. ഒന്നേ ആ മുഖത്തേക്ക് നോക്കിയുള്ളൂ. ~~അത്~~ ഒന്ന് മാത്രം. ശിശിരകാലത്ത് ഓക്ക് മരങ്ങൾ ഇല പൊഴിക്കുംപോലെ ~~ആ മുഖം~~ നിശബ്ദമായിരുന്നെങ്കിലും, ഉദയസൂര്യനോടൊപ്പം പ്രശോഭിതമായിരുന്നു ആ മുഖത്തിന്.

ജീപ്പ് മുന്നോട്ട് ഓടിച്ചു. പൊട്ടിക്കരയണോ, അലറി വിളിക്കണോ. എന്നൊക്കെ തോന്നി. പക്ഷേ പേശികൾ അനങ്ങുന്നില്ല. ~~ഞാൻ~~ എന്റെ മനസ്സ് കൂടി നിശ്ചലമായിരിക്കുന്നോ? ഞാൻ മരിച്ചുപോയോ? പുതിയൊരു ദിവസത്തിന്റെ ഓഹരം കേൾക്കാതെ ഞാൻ പണ്ണിക്കുഴിയിൽ മിഴിച്ചു കിടക്കുകയാണോ? ഒറ്റപ്പെട്ട്; ഏതൊക്കെയോ ദിവ്യാസ്ത്രങ്ങൾ എന്റെ മേൽ പതിക്കുന്നില്ലേ. അസ്ത്രമോ വാൾമുനകളോ അതോ അന്വേഷിച്ചു തീർത്തവന്റെ, മാനം. അവർന്നവന്റെ അലർച്ചയോ?

(**Note:** Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ഈ ലോകത്തോട് മുഴുവൻ എനിക്ക് വെറുപ്പാണ്. എന്നെ, ഇങ്ങനെയാക്കിയത് ഈ ലോകമാണ്. ഇവിടുത്തെ മനുഷ്യനൊന്നാ പിശാചാണ്. അവന്റെ കാമക്കൊതിയാണ്. മക്കളുടെ പ്രായമുള്ള എന്നെ.... പൈശാചിക ജന്മങ്ങൾ! അവനന്റുള്ളിലെ മൃഗം തന്നെ! പക, എല്ലാവരോടും പക. ഇരുളിനോടും എന്റെ ഇഷ്ടങ്ങളെ നഷ്ടമാക്കിയ ഈ വിധിയോട് എനിക്ക് വെറുപ്പാണ്. പ്രകാശമാനമായിരുന്ന എന്റെ സ്വപ്നങ്ങളുടെ ആകാശത്തെ കാർമേഘത്താൽ മൂടിയത്, എന്നെ തകർത്തെറിഞ്ഞത് ഈ ലോകമാണ്. ഇവിടം മാത്രം! അനന്തതയിലേക്ക്, എന്റെ സ്വപ്നങ്ങളിലേക്ക് പറന്നുയരാൻ കൊതിച്ചിട്ടും എന്റെ ചിറകിനെ വെട്ടി വീഴ്ത്തിയത് ഈ ലോകമാണ്. എന്റെ മാനത്തിന് വിലയിട്ടതും ഈ ലോകം. ഈ മനുഷ്യർ.....

"ടാടീ ശീലാവതി നീയ് എറങ്ങണില്ലേ..? നെനക്കിനി സ്വപ്നമ്പെരൊതുങ്ങോം."

വീണ്ടും ആ പൊലീസുകാരി തന്നെ. ~~അവൾ~~ ~~ആ~~ ~~പിടിച്ച~~ അവളുടെ അട്ടഹാസം കേട്ടപ്പോൾ മാത്രമാണ് ജീപ്പ് പൊലീസ് സ്റ്റേഷനു മുന്നിലെത്തിയെന്ന് ഞാനറിഞ്ഞത്.

ഇറങ്ങി, സുപരിചിതമായ സെല്ലിൽ കടന്നു.

— ട്രിണിം --- ട്രിണിം —

"നാശം എഴുതി തീർക്കാൻ സമ്മതിക്കില്ല. നല്ലൊരു മൂഡിൽ വരുമ്പോഴായിരിക്കും ഓരോരോ മാരണങ്ങള് വിളിക്കുന്നത്."

~~ഒ~~ അയാൾ ആരോടെന്നില്ലാതെ പറഞ്ഞു. ഫോൺ ~~അ~~ ~~എടുത്ത്~~ എടുത്തു. പ്രസാധക ഓഫീസിൽ ~~ആപ്പീസ~~ നിന്നായിരുന്നു.

"സാറെ, സുമേഷാണേ. ഓഫീസീന്ന്."

"ആ--- മനസ്സിലായി. പറയൂ. തന്നോട് ഞാൻ പറഞ്ഞിട്ടില്ലേ ഞാൻ എഴുതണ സമയത്ത് ഫോൺ വിളിക്കരുതെന്ന്."

"ക്ഷമിക്കണം സാർ. ~~കഥ~~ കഥ എഴുതിക്കഴിഞ്ഞോ എന്നറിയാൻ വിളിച്ചതാണ്."

"അതെ, ഞാൻ എഴുതി തീർക്കാമെന്ന പറഞ്ഞ സമയത്ത് തന്നെ തീർക്കും. ~~ഞ~~ താൻ ബുദ്ധിമുട്ടണ്ട."

അയാൾ ഫോൺ ഓഫ് ചെയ്തു.

എന്റെ കഥ. എന്റെ കഥ ഞാൻ പറഞ്ഞ സമയത്ത് തന്നെ പൂർത്തിയാക്കാൻ കഴിയും. എന്തായാലും ഇത്രയുമെത്തിയല്ലോ. അയാൾ വിളിച്ച് ആ ഒഴുക്കങ്ങ് കളഞ്ഞു. ഇനി നന്നായൊന്ന് അവസാനിപ്പിക്കണം. നാളെ അല്ലല്ലോ 21-ന് പ്രസിദ്ധീകരിക്കേണ്ടത്. രണ്ട് ദിവസം മുമ്പെങ്കിലും കൊടുക്കണം: ~~കൊടുക്കാം. നോക്കട്ടെ~~ ... എല്ലാവർക്കും ഇഷ്ടപ്പെടണമല്ലോ. അവസാനിപ്പിക്കാം. വരട്ടെ ....